ഉത്തരം

(എ) റാന്നി-പെരുനാട് പഞ്ചായത്തിലെ റൂറൽ വാട്ടർ സപ്ലൈ സ്കീമിനു ഗവൺമെൻറിൻെറ അനുമതി ലഭിച്ചിട്ടുണ്ട്. അതിൻെറ പണികൾ ഉടനെ തുടങ്ങുന്നതാണ്.

(ബി, സി) പണി തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

പാലക്കാട് മുനിസിപ്പാലിറ്റിയുടെ വികസനം

921 [1457] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മുനിസിപ്പാലിറ്റിക്കു ചുറ്റുമുള്ള പഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് പാലക്കാട് മുനിസിപ്പാലിറ്റി വികസിപ്പിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പ്രവർത്തനം എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിലവിലുള്ള മുനിസിപ്പാലിറ്റികൾ വികസിപ്പിക്കാൻ സർക്കാരിനുദ്ദേശമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾ ആണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) തൃശ്ശൂർ, മൂവാറ്റുപുഴ, പത്തനംതിട്ട എന്നീ മുനിസിപ്പാലിറ്റികൾ വികസിപ്പിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൻെറ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെട്ടിരിക്കയാണ്. കോതമംഗലം മുനിസിപ്പാലിറ്റി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഇടവഴിക്ക് നിശ്ചിത വീതി ഉണ്ടായിരിക്കണമെന്ന നിബന്ധന

922 [1459] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ലോറി ഗതാഗതം ഉള്ള റോഡിൽനിന്നു ഇടവഴി മുഖേന അപ്രോച്ചുള്ള പ്ലോട്ടുകളിൽ വീട് വയ്ക്കുമ്പോൾ, ഇടവഴിക്കു നിശ്ചിത വീതി ഉണ്ടായിരിക്കണമെന്ന് നിബന്ധന വല്ലതും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly